**ഫാറം -I**

**തെരഞ്ഞെടുപ്പ് സംബന്ധിച്ച നോട്ടീസ്**

**(1961-ലെ തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങളിലെ 3-ാം ചട്ടം നോക്കുക)**

**താഴെപ്പറയും പ്രകാരം ഇതിനാൽ നോട്ടീസ് നല്കിയിരിക്കുന്നു:-**

1. 2021 ഏപ്രിൽ 21-ാം തീയതി ഉദ്യോഗ കാലാവധി അവസാനിക്കുന്നതോടുകൂടി രാജ്യസഭയിൽ നിന്നും മൂന്നംഗങ്ങൾ വിരമിക്കുന്നതുമൂലം സംജാതമാകുന്ന ഒഴിവുകളിലേയ്ക്ക് കേരള നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്;
2. നാമനിർദ്ദേശ പത്രികകൾ സ്ഥാനാർത്ഥിയോ, അദ്ദേഹത്തിന്റെ നിർദ്ദേശകനോ റിട്ടേണിംഗ് ഓഫീസർക്കോ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർക്കോ 2021 ഏപ്രിൽ 20-ാം തീയതി (ചൊവ്വാഴ്ച) ക്കപ്പുറമാകാത്ത (പൊതു ഒഴിവു ദിവസമൊഴികെയുള്ള) ഏതു ദിവസവും രാവിലെ 11 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കുമിടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ സെക്രട്ടറിയുടെ മുറിയിൽവച്ച് ഏല്പിച്ച് കൊടുക്കാവുന്നതാണ്;
3. നാമനിർദ്ദേശ പത്രികയുടെ ഫാറങ്ങൾ മുകളിൽ പറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്;
4. 2021 ഏപ്രിൽ 21-ാം തീയതി (ബുധനാഴ്ച) രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ സെക്രട്ടറിയുടെ മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതാണ്;
5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് സ്ഥാനാർത്ഥിയോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ അല്ലെങ്കിൽ സ്ഥാനാർത്ഥി രേഖാമൂലം അധികാരപ്പെടുത്തിയ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് ഏജന്റോ മുകളിൽ (2)-ാം ഖണ്ഡികയിൽ പറഞ്ഞ രണ്ടിലേതെങ്കിലും ഉദ്യോഗസ്ഥന് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് 2021 ഏപ്രിൽ 23-ാം തീയതി (വെള്ളിയാഴ്ച) ഉച്ചകഴിഞ്ഞ് 3 മണിക്ക് മുമ്പ് ഏല്പിച്ച് കൊടുക്കാവുന്നതാണ്;
6. തെരഞ്ഞെടുപ്പിൽ മത്സരമുണ്ടാകുന്ന സംഗതിയിൽ, 2021 ഏപ്രിൽ 30-ാം തീയതി (വെള്ളിയാഴ്ച) രാവിലെ 9 മണിക്കും വൈകുന്നേരം 4 മണിക്കും ഇടയ്ക്ക് വോട്ടെടുപ്പ് നടത്തുന്നതാണ്.

തിരുവനന്തപുരം,
2021 ഏപ്രിൽ 13.

**റിട്ടേണിംഗ് ഓഫീസർ**